MADRASA ANWARIYA LPS 2025-26

# ACADEMIC MASTER PLAN

# അക്കാദമിക് മാസ്റ്റർ പ്ലാൻ -മലയാളം

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് സ്കൂൾ ലക്ഷ്യംവയ്ക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക് നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധമുണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനം മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ് . വിജ്ഞാന സമ്പാദനത്തിൽ ആശയാവതരണ രീതിയുടെ പ്രസക്തി ഇന്ന് ലോകം മുഴുവൻ അംഗീകരിക്കപ്പെട്ടതാണ്. ഈ മേഖലയിലുള്ള പ്രവർത്തനം വഴി കുട്ടികളിൽ പഠനം കാര്യക്ഷമമാക്കാൻ സഹായിക്കുന്നു. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തനസാധ്യതയുള്ള വിവിധ പദ്ധതിയാണ് മാസ്റ്റർ പ്ലാൻ വഴി മുന്നോട്ടു വെക്കുന്നത് .

ലക്ഷ്യങ്ങൾ

1) ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറു വാക്യങ്ങൾ കഴിവ് നേടുന്നു. (പഠനനേട്ടം വരച്ചും പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു .

2 ) എല്ലാ കുട്ടികളും പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറു വാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവു നേടുന്നു . (പഠനനേട്ടം - ശബ്ദവും ലിപി രൂപവും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞു വായിക്കുന്നു.

3 )ആശയ ക്രമീകരണത്തോടെ ഭാക്ഷണം നടത്താൻ കഴിവു നേടുന്നു . (പഠനനേട്ടം -പരിചിതമായ ആശയങ്ങൾ കഥ, പാട്ട് ,വിവരണം ,സംഭാഷണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു )

4) എല്ലാ കുട്ടികൾക്കും രക്ഷിതാക്കളുടെ പിന്തുണയോടെ സചിത്ര ഡയറി .

5)രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.

6) ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു .

7) ആശയാവതരണ രീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷണാത്മകമായി പരിശോധിക്കുന്നു .

## പ്രവർത്തനങ്ങൾ

### ജൂൺ

അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാശനം.
ക്ലാസ് പിടിഎ .
അക്കാദമിക് മാസ്റ്റർ പ്ലാൻ നിർവഹണം ഉദ്ഘാടനം .
പാഠനോപകരണ ശില്പശാല.
സചിത്ര നോട്ടുബുക്ക് ആരംഭിക്കൽ ,ക്ലാസ്സ് വാട്സപ്പ് ഗ്രൂപ്പ് രൂപീകരണം
.ഡോക്യുമെന്റേഷൻ വായനോത്സവം (വായനവാരത്തോടൊപ്പം തുടക്കം)
സന്നദ്ധതാ പ്രവർത്തനങ്ങൾ.

### ജൂലൈ

പാഠനോപകരണ ശില്പശാല .
സംയുക്ത ഡയറി ആരംഭിക്കൽ .ക്ലാസ് പിടിഎ യോഗം
വീട് നല്ല വീട്, മഴമേളം.

### ആഗസ്റ്റ്

ശില്പശാല
രചനോത്സവം പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക്.
ക്ലാസ് പിടിഎ യിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ .
മഴമേളം ,മണവും മധുരവും (ആദ്യഭാഗം) . ക്ലാസ് ലൈബ്രറി ഒരുക്കൽ , വായനാമൂല ഒരുക്കൽ. ചിത്രവായന കാർഡുകൾ തയ്യാറാക്കൽ. സ്കൂൾ ലൈബ്രറി നവീകരണം , പ്രദർശനം.

### സെപ്റ്റംബർ

ചിഹ്നങ്ങൾ ഉറപ്പിക്കൽ.ചിഹ്നങ്ങൾ ഉറപ്പിക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു
ലളിതമായ വായനക്കാർഡ് രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു .

### ഒക്ടോബർ

ചിത്രരചന, ചിത്ര വായനയിലൂടെ ചെറു വാക്യങ്ങൾ കണ്ടെത്തുന്നു. വായിക്കുന്നു.
വായനോത്സവം സംഘടിപ്പിക്കൽ ആസ്വാദനകരമായ വായന നടത്തൽ .എന്റെ വായന .
സമ്മാന പുസ്തകം പിറന്നാളിന് ലൈബ്രറിയിൽ നൽകൽ.

### നവംബർ

വരികൾ കൂട്ടിച്ചേർക്കൽ .മാതൃകകൾ നൽകി വരികൾ കൂട്ടിച്ചേർക്കൽ .
പത്രവായനയ്ക്ക് അവസരമൊരുക്കൽ

ഡിസംബർ

ചെറു വിവരണങ്ങൾ കുട്ടി സ്വന്തമായി തയ്യാറാക്കുന്നു. മാഗസിൻ നിർമ്മാണം.

ജനവരി

ചിത്രകഥ .ചെറുകഥകൾ കേൾക്കുന്നു .ചിത്രം നോക്കി പറയുന്നു .ചിത്രങ്ങൾ നോക്കി എഴുതാൻ ശ്രമിക്കുന്നു.

ഫെബ്രുവരി

കൂട്ടു വായന, കുട്ടി കൂട്ടങ്ങൾ. ചെറിയ വായനാ കാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രകഥാ വായന നടത്തുന്നു . ഇ-വായന സാധ്യതകണ്ടെത്തൽ, I C T സാധ്യതകൾ ഉറപ്പാക്കൽ .

മാർച്ച്

കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിങ്ങനെയുള്ളവുടെ പ്രകാശനം . നാട്ടുവായന ,കുട്ടിവായനാ വായനതന്ത്രങ്ങൾ അവതരിപ്പിക്കുന്നു. നവമാധ്യമങ്ങളിൽ പങ്കിടുന്നു . അമ്മ വായന അമ്മയും കുട്ടിയും അമ്മ വായിച്ച് നൽകുന്ന വായനാ സാമഗ്രികൾ നവമാധ്യമങ്ങളിൽ പങ്കിടുന്നു . വീട്ടു വായന വീട്ടിലെ അംഗങ്ങൾ വായിച്ചു നൽകുന്ന വീഡിയോ നവമാധ്യമങ്ങളിൽ പങ്കിടുന്നു വീട്ട് വായന, കൂട്ടവായന, നാട്ടുവായന ,അമ്മ വായന, ചിത്രവായന ,സ്വന്ത വായന തുടങ്ങിയ വായന സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നു. സ്വന്തമായി എഴുതിയും വായിച്ചും ഭാഷ കൈകാര്യം ചെയ്യുന്നു.

എന്റെ വളരുന്ന പുസ്തകം തയ്യാറാക്കൽ. ഇൻലൻഡ് മാഗസിൻ നിർമ്മിക്കൽ എന്റെ അക്ഷര പുസ്തകം തയ്യാറാക്കുന്നു .പതിപ്പുകൾ തയ്യാറാക്കുന്നു . എന്റെ പാട്ടുപുസ്തകം തയ്യാറാക്കൽ.

വായനാ കാർഡുകൾ നിർമ്മിക്കുന്നു .കഥകൾ രൂപപ്പെടുത്തുന്നു.

പലതരത്തിലുള്ള കയ്യെഴുത്തുമാസിക രൂപപ്പെടുത്തി നവമാധ്യമങ്ങളിലും CPTA മീറ്റിങ്ങിലും പ്രദർശനത്തിന് അവസരമൊരുക്കുന്നു .

# Academic Master Plan - English

## Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word, must be able to read write and speak English .No child should be able to speak English fluently like Malayalam. We have to keep our world language English close to our kids. The academic master plan is designed to ensure that not a single child goes illiterate.

## Objectives / Learning Outcomes

Simple words, simple sentence add more lines, description make sure these are in the children.
Responds to simple instructions in the classroom, describes orally about pictures and objects using adjectives( colour size shape etc.)

Familiarises with words identifies .
Enjoys songs and sings them with rhythm and action.

Familiarises the names of birds and animals their young ones and identifies them from pictures.

To speak, read and write English without any mistake

## Aim

Enable children to use English language confidently.

## Pretest

To develop listening skills and reading skills first listening skills familiarises with words, like ant, Apple, bat, bag etc and identify the words.

## Action Plan / Activities

### June

Simple words introductions provides picture cards gives a familiar magic picture card apple and umbrella.

### July

Says the familiar words writing familiar words, reading familiar words.

**August**

Enjoy songs and sing them with rhythm and action.Describes orally about pic and objects using adjectives (colour, shape, size etc).

**September**

Read and write simple words and simple sentence. Provides picture card a reading cards .

**October**

Introduces a simple picture description. Word chain and sentence chain make words.

Make riddles. describing words, rhyming words ,test book activities.

My growing books being prepared .

**November**

My small description book is being prepared. Preparing the reading cards .The classroom provides more opportunities to read write and speak Englis .Write five English words daily .Prepare and display My English word.

**December**

My picture dictionary is being prepared. My growing book is being prepared simple instructions in the classroom. Encourages digital reading in the classroom everyday.

**January**

Enjoy songs and sing them with Rhythm and action. "My amazing" book is being prepared ,Animals and birds collect pictures animals and young ones colle young ones .Communicative English class is provided .

**February**

Communicative English, Provides the opportunity to express myself in the classroom, in the assembly and in the CPTA. A period of daily Communicative English class provides an opportunity to speak fluently and without fear. English assembly one day in a week.

**March**

Speak English fluently .Can read and write simple sentence .Picture reading ,picture describing can tell you how to read and write ,my growing book my picture dictionary, reading cards ,my magic book.

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതം.

### ആമുഖം

ഗണിത ക്ലാസിൽ രസകരമായി കുട്ടി ഗണിത ശേഷികൾ നേടിയെടുക്കേണ്ടതായുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്.ഭാഷയിലും ശാസ്ത്രത്തിലും ഇതര പ്രവർത്തനങ്ങളിലും കുട്ടി അവബോധം നേടിയെടുക്കുമ്പോൾ ഗണിത മേഖലയിൽ കുട്ടികളുടെ അറിവ് പിന്നോക്കം പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് അത്യാവശ്യമാണ് .ഒന്നാം ക്ലാസിൽ നിന്നു തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി ചെയ്ത് ഗണിതശേഷികൾ കുട്ടി നേടിയെടുക്കേണ്ടതുണ്ട് . ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഗണിതം. ജീവിതത്തിൽ ഓരോ വ്യക്തിയും ഗണിത ശേഷികൾ സ്വായത്തമാക്കേണ്ടതുണ്ട്. പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദനം നൽകാവുന്നതാണ് പുതിയ ഗണിത പഠനരീതി. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുന്നത്.

### ലക്ഷ്യങ്ങൾ

ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
അഞ്ചുവരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
ഗണിതക്രിയകൾ ചിത്രീകരിക്കുന്നു.
പകുതി ആക്കൽ .
പകുതി ആക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വച്ച് കണ്ടെത്തി വിശദീകരിക്കുന്നു.
ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുതകൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു
ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു
ഒമ്പതിൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു .
സംഖ്യകൾ എണ്ണി എടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു .
അവരോഹണ ആരോഹണക്രമത്തിൽ ആക്കൽ .
ഒരക്ക സംഖ്യകളുടെ സങ്കലനം ഒരക്ക സംഖ്യകളുടെ വ്യവകലനം , ഒരക്ക സംഖ്യ വ്യാഖ്യാനം.
സംഖ്യാ പാറ്റേൺ രൂപീകരിക്കൽ.
ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1-20)ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

**ആഗസ്റ്റ്**

1 മുതൽ 20 വരെ സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
കൂടുതൽ ,കുറവ് തിരിച്ചറിയൽ
ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

**സെപ്റ്റംബർ**

സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ.
ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ .
ഒന്നിനോട് ഒന്നു കൂടി മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
സംഖ്യ ഗാനം ആലപിക്കൽ.

**ഒക്ടോബർ**

ഒറ്റസംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ.
ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.
വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

**നവംബർ**

സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു .
ഗണിന പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ worksheet കൾ നൽകുന്നു.

**ഡിസംബർ**

സംഖ്യകൾ അവരോഹണ ആരോഹണക്രമത്തിൽ എഴുതൽ .
ഗണിത ആൽബം തയ്യാറാക്കൽ .
മൈ നമ്പർ ബുക്ക് തയ്യാറാക്കൽ .
സംഖ്യകളെ സുന്ദരിയാക്കൽ വർക്ക്ഷീറ്റ്

**ജനവരി**

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ.
സങ്കലനം ,വ്യവകലനം ( +, - ചിഹ്നങ്ങൾ )തിരിച്ചറിവ് നേടുന്നു.
സംഖ്യാ വ്യാഖ്യാനത്തിലേക്ക് കടക്കുന്നു. (ഒന്നു മുതൽ 10 വരെ സംഖ്യകൾ) വരെയുള്ള സംഖ്യകൾ

## ഫെബ്രുവരി

ഗണിത ആൽബം സി പി ടി എ യിൽ പ്രദർശനം.
ഗണിത മഞ്ചാടി, സംഖ്യാസൂര്യൻ, ആൽബം തയ്യാറാക്കൽ , പ്രദർശനം
വിലവിവരപ്പട്ടിക പ്രശ്ന വിശകലന ക്രിയകളിൽ ഏർപ്പെടൽ .
ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## മാർച്ച്

ഗണിത ആശയങ്ങളെ ഉൾപ്പെടുത്തി വിവിധതരം വർക്ക് ഷീറ്റുകൾ നൽകൽ.
ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടൽ.
ഉല്ലാസ ഗണിതം പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിതകളികളിൽ ഏർപ്പെടൽ .
ഐസിടി സാധ്യതയിൽ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ.
ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു .
സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ സാധ്യമാക്കൽ.

Std 2 Malayalam

പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

* ആശയഗ്രഹണ വായന ഉറപ്പാക്കുന്നു.

* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർന്ന് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

മുന്നൊരുക്കം.

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കാണുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതിക എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തനങ്ങൾ

ജൂൺ : ചിത്രകാർഡുകൾ നൽകൽ [ചിത്രവും പദവും ഉൾക്കൊണ്ട്] ഭാഷണത്തിന് അവസരമൊരുക്കൽ, വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ : ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ [വായനാകാർഡ്]. ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.

ആഗസ്റ്റ് : ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ, ചിത്ര വിവരണം, വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ: വായിച്ച കഥയിൽ നിന്ന് സംഭാഷണം
തയ്യാറാക്കൽ, വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ
ഉണ്ടാക്കൽ.

ഒക്ടോബർ: കേട്ടതോ വായിച്ചതോ ആയ കഥകൾ,
സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വായിക്കാ
മായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു
ഉദാ: ആന, വലിയ ആന, കുഞ്ഞ വലിയ ആന
കുട, കാലൻ കുട, കുഞ്ഞ വലിയ കുട etc.

നവംബർ: കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക
പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം
ഒരുക്കുന്നു.

ഡിസംബർ: ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കു
ന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ജനുവരി: വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും
അവസരം ഒരുക്കൽ (കവിതാപൂരണം)
എഴുതുന്നതിനുമുള്ള അവസരം
* ലഘുവിവരണം എഴുതാനും വായിക്കാനും അവസരം ഒരുക്കൽ

ഫെബ്രുവരി: എല്ലാ മേഖലയിലും കുട്ടികളെ എത്തിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ [ഭാഷണം, ലേഖനം മറ്റും etc]

മാർച്ച്: വ്യക്തിരചനയെ പ്രോത്സാഹിപ്പിക്കൽ വീട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

Std - 3

മലയാളം

ഉദ്ദേശ്യം

വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിൽ മലയാളം എഴുതാനും വായിക്കാനും സംസാരിക്കാനും കഴിയേണ്ടതാണ്.

സമയം:

ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ:

- Vocabulary വർദ്ധിപ്പിക്കൽ
- എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ.

പ്രവർത്തനങ്ങൾ

* ഭാഷാ ഗെയിമുകൾ
* ഭാവാത്മക വായന
* കഥപറയൽ
* അധ്യാപിക പറയുന്ന കഥകൾ കേൾക്കൽ
* ICT ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

സംസാരശേഷി:

ചിത്രവായന

കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ് അവതരണം

ചിത്ര വിവരണം.

ആഗസ്റ്റ്, സെപ്റ്റംബർ

ലക്ഷ്യം:

വ്യക്തിപരമായ എഴുത്തും സംസാരവും കൂടെ വായനയും

ശേഷികളെ വികസിപ്പിക്കുക.

വായനശേഷി:

* കഥാപുസ്തകങ്ങൾ വായിക്കുക.
* വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ ക
* പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ.

എഴുത്ത്

* വാക്കുകളുടെ വെബ്ബ് നിർമ്മിക്കുക.
* ചിത്ര വിവരണം.
* വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക
* ചോദ്യങ്ങൾ നിർമ്മിക്കുക.

ചോദ്യോത്തരപ്പയറ്റ്

* വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുക

ഒക്ടോബർ, നവംബർ

ലക്ഷ്യം:

ആലോചനകളും വിചാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

വായനശേഷി

* ലൈബ്രറി പുസ്തകങ്ങൾ വായിക്കുക
* കഥ, ഓർമ്മക്കുറിപ്പ്, അനുഭവക്കുറിപ്പുകൾ.

Master Plan - English 2025-26.
Std : 3

Aim

To speak, Read and write English without any mistakes.

Time: June to March.

To check the vocabulary and writing skills of pupils.

Activities

June and July

Pretest

To develop listening skills and reading skills

Listening Skills.

Games, Action songs.

* Hello English activities
* Conversation
* Skit Stories
* Use ICT

Speaking Skills.

Identify the naming words from the picture.

Make simple sentences using the word about picture

Growing sentences, picture reading, Self introductions

## Augest and September.

* Develop the creative speaking and writin

Reading skills

- Book reading
- Find words
- Collect and read past tense
- Rhyming words
- TB activities

Writing skills

Make word web
Picture description
wordchain
Make words and sentences make riddles, conversatio
add more lines.

## October and Novenober

* To express thoughts, feelings etc...

Reading skills

Library book reading
Conversation, skit, stories use ICT
read notice, Develop story

Writing skills

- Description
- Thoughts

Decemb
Develop
Reading
- Library
- Conversa
- Develo
- Read
Writing
- Dairy
- Descr
- thou
- Exi

December and January.

Develop the creative speaking and writing

Reading skills

- Library books reading
- Conversations skit stories use ICT
- Develop story
- Read Dairy

Writing skills

- Dairy
- Descriptions
- thoughts
- Exibition.

class 3 , അക്കാദമിക മാസ്റ്റർ പ്ലാൻ.
EVS

മാസം | പ്രവർത്തനങ്ങൾ | പിന്തുണ

ജൂൺ
- ചെടികൾ നിരീക്ഷിക്കുന്നു
- പ്രകൃതി നടത്തം
- വിത്ത് മുളപ്പിക്കൽ
- വ്യത്യസ്ത തരം ഫലങ്ങൾ പൂക്കൾ ഇല ശേഖരിക്കുന്നു. SRG
- പരിസ്ഥിതിദിനാചരണം
- ഹരിതകോർണർ നിർമ്മാണം

ജൂലൈ
വ്യത്യസ്ത തരം ജീവികളെ നിരീക്ഷിക്കൽ, ചിത്രശേഖരണം PTA
മണ്ണ് നിരീക്ഷണം SRG
ജൈവ വൈവിധ്യ ഉദ്യാനനിർമ്മാണം
ശലഭങ്ങൾ വളരുന്ന ചെടികൾ

വർഷം മുഴുവനും സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ. SRG PTA

ആഗസ്റ്റ് : മഴമാപിനി നിർമ്മാണം
ജലസംരക്ഷണം Poster
കിണർ സന്ദർശനം
മണ്ണ് നിരീക്ഷണം

മണ്ണ് കൊണ്ട് രൂപങ്ങൾ
നിർമ്മിക്കുന്നു.
മണ്ണ് കൊണ്ടുള്ള വസ്തുക്കൾ
പരിചയപ്പെടൽ
ആശയ പ്രകടനങ്ങൾ.

സെപ്റ്റംബർ ശുചിത്വ പോസ്റ്റർ
നിർമ്മാണം
സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്ത
നങ്ങൾ
ആരോഗ്യ ബോധവൽക്കര
ണ സെമിനാർ
ആരോഗ്യ പ്രവർത്തന
ങ്ങൾ

ഒക്ടോബർ ഫീൽഡ് ട്രിപ്പ്
- പഴം/പച്ചക്കറികൾ
Food festival
കുട്ടികളുടെ ആരോഗ്യകാർഡ്
- ഓരോ കുട്ടിക്കും,
BMI കാണുന്നു.
സ്കൂൾ പച്ചക്കറിത്തോട്ടം
ഒരുക്കൽ
ശരിയായ ഭക്ഷണശീലം
Poster.

# അക്കാദമിക മാസ്റ്റർപ്ലാൻ
## Std - 3
## ഗണിതം.

**ജൂൺ - ജൂലായ്**

യൂണിറ്റ് 1 രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ തോരണം നിർമാണം, തോണി നിർമ്മാണം.

വെള്ളരിയിൽ പ്രിന്റിംഗ്

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമിക്കണം.

**ജൂലായ് - ആഗസ്റ്റ്**

ഒരോ ഗണിത ശിൽപശാല നിർമിക്കുന്നത്

1 മുതൽ 100 വരെ എഴുതിയ ടോക്കൺ

കളിനോട്ടുകൾ

കമ്പ് കെട്ടുകൾ

സംഖ്യാ സ്ട്രിപ്പുകൾ

അബാക്കസ് നിർമ്മാണം.

**ആഗസ്റ്റ് സെപ്റ്റംബർ**

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം.

## ഒക്ടോബർ

സ്കെയിൽ നിർമ്മാണം.

കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ്

## നവംബർ ഡിസംബർ

ഗ്രഹങ്ങൾ വസ്തുക്കൾ കാർഡ് നിർമ്മാണം

# അക്കാദമിക് മാസ്റ്റർപ്ലാൻ

STD IV മലയാളം

| പഠനം നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദാംശം | കാലയളവ് |
|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ ( മലയാളത്തിലക്കം ] | ◆ പ്രി ടെസ്റ്റ്<br>◆ അക്ഷരക്കൂട്ടുകാർ<br>◆ വാക്കുകൾ | ◆ അക്ഷരം ഉറപ്പിക്കൽ - അക്ഷര കാർഡ് നൽകൽ<br>◆ വാക്കുകൾ എഴുതിയ കാർഡ്.<br>◆ വാക്കുകൾ നിർമിക്കുക. വാക്യങ്ങൾ നിർമിക്കുക | ജൂൺ ,ജൂലൈ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | ◆ ക്ലാസ് വായനാമൂല<br>◆ വായിക്കാം എഴുതാം | ◆ വായനാകാർഡ് നൽകുന്നു.<br>◆ ഉച്ചത്തിൽ വായിക്കുന്നു.<br>◆ എഴുതുന്നു | ഓഗസ്റ്റ്, സെപ്റ്റംബർ ഒക്ടോബർ |
| 3.കവിത കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | ◆ കഥാ കാർഡ്<br>◆ കഥ വായിക്കാം<br><br>◆ കഥ കാണാം എഴുതാം<br>◆ ചിത്രത്തിലെന്തെല്ലാം<br>◆ വിവരണം<br>◆<br><br>◆ കവിത പൂർത്തിയാക്കാം | ◆ കഥാ കാർഡ് നൽകുന്നു.<br>◆ കഥാ പുസ്തകം നൽകുന്നു.<br>◆ നിശബ്ദ വായന .<br>◆ വായിച്ചറിഞ്ഞ ആശയം പറയൽ.<br>◆ ഒഴുക്കോടെ വായിക്കുന്നു.<br>◆ കഥാപാത്രങ്ങളെ കുറിച്ചും കഥയെ കുറിച്ചും ചർച്ച .<br>◆ ICT ഉപയോഗിച്ച് കഥകൾ കാണാൻ അവസരം.<br>◆ കണ്ട കഥ സ്വയം എഴുതൽ .<br>◆ ചിത്രത്തിലുള്ളത് പറയാൻ അവസരം.<br>◆ വിവരണം എഴുതൽ<br>◆ മെച്ചപ്പെടുത്തൽ<br>◆ കവിത പൂർത്തിയാക്കാം എഴുതാം - കവിതയുടെ കുറച്ച് വരികൾ നൽകുന്നു. വരികൾ കൂട്ടിച്ചേർക്കുന്നു. ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു. | നവംബർ ,ഡിസംബർ<br><br>ജനുവരി ,ഫെബ്രുവരി |

# ACADEMIC MASTER PLAN

SCHOOL: MADRASA ANWARIYA LP SCHOOL

STD IV ENGLISH

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| 1. Makes simple riddles. | ◆ Riddles | ◆ Gives children the opportunity to hear and answer simple riddles.<br>◆ | June , July |
| 2. Describes the pictures. | ◆ Picture description | ◆ The teacher shows a picture discussion. The children talk about the picture.<br>◆ | August , September October |
| 3.Arrange word in alphabetical order. | ◆ Hello English | ◆ Hello English activity<br>◆ Introducing the dictionary.<br>◆ Gives words.<br>◆ Arranging words in alphabetical order. | November , December |
| 4. Identifies rhyming words from the poem. | ◆ Rhyming words | ◆ Rhyming words -poem reading.<br>◆ plays the audio of song.<br>◆ Let the children sing after the audio.<br>◆ Discussion.<br>◆ Identifies rhyming words. | January , February |

MADRASA ANWARIYA LP SCHOOL അക്കാദമിക് മാസ്റ്റർപ്ലാൻ

STD IV ഗണിതം

| പഠനം നേട്ടം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് |
|---|---|---|---|
| 1. സംഖ്യാബോധം<br>1-1000 വരെ സംഖ്യകൾ എണ്ണുന്നു എഴുതുന്നു | ◆ നറുക്കെടുക്കാം | ● സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു<br>● കിട്ടിയ സംഖ്യ വായിക്കുന്നു<br>● കുട്ടികൾ വായിച്ച് സംഖ്യ എഴുതുന്നു<br>● പാറ്റേൺ പൂർത്തിയാക്കാം<br>● ക്രമത്തിൽ ആക്കാം<br>● വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>● ആരോഹണ അവരോഹണക്രമത്തിൽ എഴുതുന്നു | ജൂൺ - ആഗസ്റ്റ് |
| 2. നാലക്ക സംഖ്യകൾ വ്യാഖ്യാനിക്കൽ | ◆ കൂട്ടങ്ങൾ ആക്കാം<br>◆ ക്രമീകരിക്കാം | ● കുട്ടികൾ ഇഷ്ടമുള്ള നാലക്ക സംഖ്യകൾ എഴുതുന്നു<br>● ഗിനോട്ട് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങൾ ആക്കി മാറ്റുന്നു<br>● നാലക്ക സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു<br>● അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു | സെപ്തംബർ<br>ഒക്ടോബർ |
| 3. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ | ◆ സമയം കണക്കാക്കാം | ● ബ്ലാക്ക് ആൻഡ് വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു<br>● സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നം പരിഹരിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നു | നവംബർ<br>ഡിസംബർ |
| 4.. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | ◆ സംഖ്യാ ചക്രം | ● സംഖ്യ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു<br>● അവ തമ്മിലുള്ള സങ്കലനം വ്യവകലനം ഗുണനം ഹരണം ഇവ ചെയ്യുന്നു | ജനുവരി ,ഫെബ്രുവരി |

# അക്കാദമിക് മാസ്റ്റർപ്ലാൻ

MADRASA ANWARIYA LP SCHOOL

STD IV പരിസര പഠനം

| പഠനം നേട്ടം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്നു പ്രത്യേകതകൾ മനസ്സിലാക്കുന്നു<br><br>ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br><br>ജീവികളുടെ പരസ്പ രാശ്രയത്വം | ജൂൺ ,ജൂലൈ |
| | | പോസ്റ്റർ നിർമാണം<br>പരിസ്ഥിതി സംരക്ഷണ പോസ്റ്റർ പരിസരങ്ങളിൽ പതിക്കൽ | ഓഗസ്റ്റ്, സെപ്റ്റംബർ |
| | | ഫീൽഡ് ട്രിപ്പ്<br>കുളം, വയൽ, കാട് എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒക്ടോബർ |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | പരീക്ഷണങ്ങൾ | ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>ശാസ്ത്രാവബോധ ക്ലാസ്<br>പ്രഥമ ശുശ്രൂഷ ക്ലാസ് | നവംബർ ഡിസംബർ |

## പ്രധാന ലക്ഷ്യങ്ങൾ

- സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
- സാമൂഹ്യശാസ്ത്രപഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക.
- പഠനം കൂടുതൽ രസകരമാക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക.
- അർത്ഥപൂർണ്ണമായ പാഠവായന ശീലിക്കുന്നു.
- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു.
- പഠനയാത്രകൾ സംഘടിപ്പിച്ചു ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.

സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | മേഖല / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | [illegible] |
|---|---|---|---|---|---|---|
| 1 | സമൂഹത്തെ മെച്ചപ്പെടുത്തുവാനുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ പ്രാപ്തരാക്കുന്നതിന്. | • ദിനാചരണങ്ങൾ വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ നടത്തുവാൻ തീരുമാനിച്ചു. eg: ക്വിസ്, പ്രസംഗം, വീഡിയോ-പ്രദർശനം, പോസ്റ്റർ, ആൽബം<br>• സോഷ്യൽ സയൻസ് ലാബ്<br>• ചരിത്ര പ്രാധാന്യമുള്ള പഠനയാത്രകൾ | 1 വർഷം. | സോഷ്യൽ സയൻസ് അധ്യാപകർ | 5000 PTA | |
| 2. | ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ | വിവിധ വീഡിയോ പ്രദർശനം [ICT സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സംഭവങ്ങൾ. ഇതിലൂടെ ചരിത്രത്തോട് താൽപ്പര്യവും ദേശസ്നേഹവും വ.: വർധിപ്പിക്കുന്നു. | // | // | | |

## പ്രധാനലക്ഷ്യങ്ങൾ

- ശാസ്ത്രത്തിൽ സവിശേഷ സ്വഭാവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
- ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
- ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണി, അന്വേഷണാത്മകം എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- ശാസ്ത്ര പഠനത്തിൽ ICT യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവുണ്ടാക്കുക.
- ശരിയായ മൂല്യങ്ങൾ, മനോഭാവങ്ങൾ വളർത്തുന്നതിന് ശാസ്ത്രപഠനത്തെ പ്രയോജനപ്പെടുത്തുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2023-24

## ക്ലാസ് തല പ്രവർത്തനങ്ങൾ ക്ലാസ് -V

അടിസ്ഥാനശാസ്ത്രം

| ക്രമ നമ്പർ | മേഖല / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1. | പഠനവിടവ് നികത്തൽ | കഴിഞ്ഞ അധ്യയന വർഷത്തിൽ കുട്ടികൾ നേടാതെ പോയ പഠനനേട്ടങ്ങൾ കുട്ടികളിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ [പരീക്ഷണം: വ്യക്തിപരമായും ഗ്രൂപ്പുകളിലും പരീക്ഷണ നിരീക്ഷണങ്ങൾക്ക് സാധ്യത ഒരുക്കൽ. | 2 മാസം | Science teachers | 5000/ PTA | |
| 2. | കുട്ടികളിൽ ശാസ്ത്ര അഭിരുചി, ശാസ്ത്രീയ മനോഭാവം, ശാസ്ത്രബോധം വളർത്തുക. | ക്വിസ് മത്സരം, സയൻസ് ആൽബം മാഗസിൻ, ഫീൽഡ് ട്രിപ്പ്, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ പതിപ്പ് നിർമ്മാണം. | | | | |

| ക്രമ നമ്പർ | മേഖല / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | ശാസ്ത്ര പ്രതിഭകളെ വാർത്തെടുക്കൽ | ശാസ്ത്ര പരീക്ഷണം ചെയ്യാൻ അവസരം, ആഴ്ചയിൽ ഒരു ദിവസം.<br>• പുതിയ ശാസ്ത്ര പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി പഠന പ്രവർത്തനങ്ങൾ ശേഖരിക്കുക [ICT] | 1 വർഷം | Science Teachers | | |
| 4. | സസ്യങ്ങൾ പരിചയപ്പെടൽ | • മാസത്തിലൊരിക്കൽ ഓരോ സസ്യങ്ങളെ പരിചയപ്പെടുത്തുന്നു.<br>പൂന്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ടം നിർമ്മാണം] | | | | |

## പ്രധാനലക്ഷ്യങ്ങൾ

- ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിത വിജയം, ഉല്ലാസ ഗണിതം സഹായകം.
- ഗണിതപഠനം ലളിതവും രസകരവുമാക്കുക.
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു.
- രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പ് വരുത്തുന്നു.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
- സംഖ്യാപാറ്റേണുകൾ വ്യാപ്തത്തിൽ ചെയ്യുന്നു, ഗുണനപട്ടിക ഉപയോഗം തിരിച്ചറിയുന്നു.
- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം ഗുണനം, ഹരണം എന്നിവ സഹായകമാകുന്നുവെന്ന് കുട്ടികൾ തിരിച്ചറിയുന്നു.

| ക്രമ നമ്പർ | മേഖല / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | അതത് ഗണിത ക്ലാസിലേക്ക് വേണ്ട അടിസ്ഥാന വസ്തുതകൾ കുട്ടിയെ പ്രാപ്തരാക്കുക. [ചതുഷ്ക്രിയകൾ ഉറപ്പിക്കൽ] | . പ്രീടെസ്റ്റ്, ഗണിതകേളി [ഡൈസ് കളി, ഏണിയും പാമ്പും, കളിനോട്ടുകൾ കൈമാറൽ etc] | ജൂൺ ആദ്യ വാരം. ജൂൺ - ഡിസംബർ | ക്ലാസ് ടീച്ചർ ഗണിതാധ്യാപകർ | 5000PTA | |
| 2. | അടിസ്ഥാന ജ്യാമിതീയ രൂപങ്ങളും അവയുടെ സവിശേഷതകളും മനസിലാക്കുക (ജ്യാമിതി) | ജ്യാമിതീയ രൂപങ്ങൾ, നിർമ്മിതി വരയ്ക്കൽ, അളക്കൽ, worksheet etc. | ആഗസ്റ്റ് നവംബർ | | | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

Std: 5

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5, ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

STD 5

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear**- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |